**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2256** **16-03-2022 - ൽ മറുപടിയ്ക്ക്**

**മാതൃ- ശിശു സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ വി ശശി,<br>ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ. വാഴൂർ സോമൻ** | | **null<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | ആരോഗ്യ വകുപ്പും വനിതാ ശിശു വികസന വകുപ്പും സംയുക്തമായി സർക്കാർ, സ്വകാര്യ ആശുപത്രികളെ മാതൃ- ശിശു സൗഹൃദമാക്കി മാറ്റുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ആരോഗ്യ വകുപ്പും വനിതാ ശിശു വികസന വകുപ്പും സംയുക്തമായി സർക്കാർ, സ്വകാര്യ ആശുപത്രികളെ മാതൃ- ശിശു സൗഹൃദമാക്കി മാറ്റുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല, എന്നാൽ സംസ്ഥാനത്തെ സർക്കാർ ആശുപത്രികൾ വഴി താഴെ പറയുന്ന ആരോഗ്യ സേവനങ്ങൾ സ്ത്രീകൾക്കും കുട്ടികൾക്കും നൽകിവരുന്നു. * ഗർഭകാല ആരോഗ്യ പരിശോധന * ഗർഭിണികൾക്ക് അയൺ ഫോളിക്ക് ആസിഡ് ഗുളിക നൽകുന്നു. * ഗർഭിണികൾക്ക് Td വാക്സിനേഷൻ നൽകുന്നു. * കുട്ടികൾക്ക് ദേശീയ വാക്സിനേഷൻ പട്ടിക പ്രകാരമുള്ള വാക്സിനേഷൻ നൽകുന്നു. * JSSK, TSY, RBSK ആരോഗ്യ കിരണം എന്നീ പദ്ധതികൾ നടപ്പിലാക്കുന്നു. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള മെഡിക്കൽ കോളേജുകളിലെ ആശുപത്രികളെ മാതൃ ശിശു സൗഹൃദമാക്കി മാറ്റുന്നതിന് സർക്കാർ പദ്ധതികൾ ആവിഷ്കരിക്കുകയും, നടപ്പ് സാമ്പത്തിക വർഷം ആശുപത്രികളിലെ മാതൃ - ശിശു ആരോഗ്യ പരിപാലന യൂണിറ്റുകളിലെ അടിസ്ഥാന സൗകര്യ നിലവാരം ഉയർത്തുന്നതിനായി 360 ലക്ഷം രൂപ അനുവദിക്കുകയും, 6 മെഡിക്കൽ കോളേജുകളിലെ മാതൃ ശിശു ആരോഗ്യ അടിസ്ഥാന സൗകര്യ പരിപാലന യൂണിറ്റുകളുടെ നിലവാരം ഉയർത്തുന്നത്തിനായി ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. 4/8/2021 തീയതിയിലെ സ.ഉ (സാധാ) നം.1663/2021/ആരോഗ്യം ഉത്തരവ് പ്രകാരം മുലയൂട്ടൽ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കേരളത്തിലെ സർക്കാർ സ്വകാര്യ ആശുപത്രികളെ മാതൃ ശിശു സൗഹൃദ ആശുപത്രികളായി പ്രഖ്യാപിക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ഭിന്നശേഷിക്കാരായ കുട്ടികൾക്ക് പ്രീസ്കൂൾ വിദ്യാഭ്യാസം നൽകാൻ കഴിയുന്നവിധം നിലവിലുള്ള അങ്കണവാടികൾ പരിഷ്കരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ; | (ബി) | ഭിന്നശേഷിയുള്ള കുട്ടികൾക്ക് ഐ.സി.ഡി.എസ് പദ്ധതി മുഖേന പ്രത്യേക പരിരക്ഷ നൽകുന്നതിനായി മെച്ചപ്പെട്ട ഭൗതീക സാഹചര്യമുള്ളതും, കുട്ടികൾക്ക് എത്തിച്ചേരാൻ യാത്രാ സൗകര്യവുമുള്ള അങ്കണവാടികളെ വിവിധ പഞ്ചായത്തുകളിൽ നിന്നും തെരെഞ്ഞെടുത്ത് സവിശേഷ അങ്കണവാടികളാക്കി മാറ്റുന്നതിനും ടി അങ്കണവാടികളിലെ വർക്കർമാർക്ക് പ്രത്യേക പരിശീലനവും കുട്ടികളുടെ മാനസിക ആരോഗ്യ പരിരക്ഷ സംബന്ധിച്ച് മാതാപിതാക്കൾക്ക് വിദഗ്ദ്ധർ മുഖേന കൗൺസിലിംഗ് നൽകുന്നതിനും, ഈ അങ്കണവാടികളിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനം മുഖേന സ്പെഷ്യൽ എഡ്യൂക്കേറ്ററിന്റെ സേവനം ലഭ്യമാക്കിക്കൊണ്ട് "സ്പെഷ്യൽ അങ്കണവാടി പദ്ധതി" നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാനത്തിലെ തെരെഞ്ഞെടുത്ത 142 അങ്കണവാടികളിൽ ramp, disabled friendly toilet, Partitions, Handrails, എന്നിവയുടെ നിർമ്മാണത്തിനും barrier free access facililty സൗകര്യം ഒരുക്കുന്നതിനായി 1 ലക്ഷം രൂപയും special furnitures, wheel chair, other equipments എന്നിവയുടെ പർച്ചേസിനും, play area and allied works എന്നിവക്കുമായി 1 ലക്ഷം രൂപ വിനിയോഗിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഇത്തരത്തിൽ സ്പെഷ്യൽ അങ്കണവാടികൾക്ക് ഭൗതീക സാഹചര്യം ഒരുക്കുന്നതിനായി മെച്ചപ്പെട്ട ഭൗതിക സാഹചര്യമുള്ള 84 അങ്കണവാടികളെ CDPO മുഖാന്തിരം കണ്ടെത്തുകയും ഓരോ അങ്കണവാടികൾക്കും 2 ലക്ഷം രൂപ വീതം അതത് CDPO മാർക്ക് അനുവദിച്ചു നൽകിയിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം നവീകരണ പ്രവർത്തികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (സി) | കേരളത്തിന്റെ സാമൂഹ്യ ക്ഷേമ വികസനത്തിൽ പ്രധാന പങ്ക് വഹിക്കുന്ന പദ്ധതി എന്ന നിലയിൽ ഇന്റഗ്രേറ്റഡ് ചൈൽഡ് ഡെവലപ്മെന്റ് സർവീസ് സ്കീമിന്റെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | ഉണ്ട്. സംസ്ഥാനത്ത് നിലവിൽ 258 ICDS പ്രോജക്ടുകളും 33115 അങ്കണവാടികളിലും പ്രവർത്തിക്കുന്നു. ജനസംഖ്യാ അനുപാതത്തിൽ സംസ്ഥാനത്തിന് പുതുതായി ലഭിച്ച അങ്കണവാടികൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |
| (ഡി) | വിവിധതരം അതിക്രമങ്ങൾ നേരിടുന്ന സ്ത്രീകൾക്കും കുട്ടികൾക്കും കൗൺസിലിംഗ്, വൈദ്യ സഹായം, സൗജന്യ നിയമ സഹായം, പുനരധിവാസം എന്നിവ ലഭ്യമാക്കി അവർ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | (ഡി) | വിവിധതരം അതിക്രമങ്ങൾ നേരിടുന്ന സ്ത്രീകൾക്കും കുട്ടികൾക്കും കൗൺസിലിംഗ്, വൈദ്യസഹായം, സൗജന്യ നിയമ സഹായം, പുനരധിവാസം എന്നിവ ലഭ്യമാക്കി അവർ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ വനിത ശിശു വികസന വകുപ്പ് മുഖേന സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

1. <u>വനിതാ സംരക്ഷണ ഓഫീസ്</u>

ഗാർഹിക അതിക്രമങ്ങളിൽ നിന്ന് സ്ത്രീകൾക്കുള്ള സംരക്ഷണ നിയമം പ്രകാരം 2005 പ്രകാരം കേരളത്തിലെ 14 ജില്ലകളിലും വനിതാ സംരക്ഷണ ഓഫീസർ സേവനമനുഷ്ഠിക്കുന്നു. .കൂടാതെ ഈ നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി 83 സർവീസ് പ്രൊവൈഡിങ് സെന്ററുകളും 11 ഷെൽട്ടർ ഹോമുകളും പ്രവർത്തിച്ചു വരുന്നു. നടപ്പു വർഷം 20 സർവീസ് പ്രൊവൈഡിങ് സെന്ററുകൾ / ഷെൽട്ടർ ഹോമുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. വരും വർഷങ്ങളിൽ എല്ലാ ബ്ലോക്കുകളിലും SPC കൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതാണ്.

2. <u>നിർഭയ</u>

ലൈംഗികാതിക്രമങ്ങൾക്ക് വിധേയരാകുന്ന സ്ത്രീകൾക്കും കുട്ടികൾക്കും പ്രതിരോധം, സംരക്ഷണം, നിയമ നടത്തിപ്പ്, പുനരധിവാസം എന്നിവയിലൂടെ സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കുന്നതിനുള്ള നിർഭയ പോളിസികൾ നടപ്പിലാക്കുന്നു .18 ഷെൽട്ടർ ഹോമുകളും പോക്സോ അതിജീവിതകൾക്കായി നടത്തുന്നുണ്ട്.

3. <u>കാതോർത്ത്</u>

സ്ത്രീകളുടെ വിവിധ പ്രശ്നങ്ങൾ കേൾക്കുന്നതിനും പരിഹാരം നിർദ്ദേശിക്കുന്നതിനുമായി ഓൺലൈൻ കൺസൾട്ടൻസി കാതോർത്ത് എന്ന പേരിൽ വിജയകരമായി നടപ്പിലാക്കി വരുന്നു. kathothuwcd2gmail.com എന്ന ഇ മെയിൽ വിലാസത്തിൽ ബന്ധപ്പെട്ടാൽ സ്ത്രീകളുടെ പരാതി കേൾക്കുന്നതിനും പരിഹാരം, കൗൺസിലിങ്, നിയമോപദേശം, പോലീസ് സഹായം എന്നിവ ലഭ്യമാക്കുന്നതിനും സംവിധാനം ഒരുക്കിയിരിക്കുന്നു. സ്ത്രീകൾക്ക് സ്വന്തം വീട്ടിൽ ഇരുന്നു കൊണ്ട് പ്രശ്ന പരിഹാരം തേടാം എന്നതാണ് ഈ പദ്ധതിയുടെ പ്രത്യേകത.

4. രക്ഷാദൂത്

ഗാർഹിക പീഡനത്തിൽ നിന്ന് വനിതകളെ സംരക്ഷിക്കുന്നതിനായി തപാൽ വകുപ്പും വനിതാ ശിശു വികസന വകുപ്പും സഹകരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് രക്ഷാദൂത്. അതിക്രമത്തിനിരയായ വനിതകൾക്കോ കുട്ടികൾക്കോ അവരുടെ പ്രതിനിധിക്കോ പരാതി സമർപ്പിക്കാൻ ഈ പദ്ധതിയിലൂടെ കഴിയും. അക്രമത്തിനിരയായ വനിതയോ അവരുടെ പ്രതിനിധിയോ പോസ്റ്റ് ഓഫീസിൽ എത്തി "തപാൽ" എന്ന് കോഡ് പറഞ്ഞാൽ പോസ്റ്റ്മാസ്റ്റർ/മിസ്ട്രസ്സിന്റെ സഹായത്തോടുകൂടി ഒരു പേപ്പറിൽ സ്വന്തം മേൽവിലാസം എഴുതി പിൻകോഡ് സഹിതം ലെറ്റർ ബോക്സിൽ നിക്ഷേപിക്കാവുന്നതാണ്. അല്ലാത്ത പക്ഷം അതിക്രമത്തിനിരയായ സ്ത്രീക്കോ / കുട്ടിക്കോ അവരുടെ തൊട്ടടുത്തുള്ള തപാൽ വകുപ്പിന്റെ ലെറ്റർ ബോക്സിൽ വെള്ള പേപ്പറിൽ പൂർണ്ണമായ മേൽവിലാസം പിൻകോഡ് സഹിതം എഴുതി സീൽ ചെയ്ത് പുറത്ത് തപാൽ എന്നെഴുതി നിക്ഷേപിക്കാവുന്നതാണ് . സ്റ്റാമ്പ് പതിക്കേണ്ടതില്ല.

5. വാട്ട്സാപ്പ് ഹെൽപ് ലൈൻ 9400080292

പരാതികൾ മേൽ വാട്ട്സാപ്പ് ഹെൽപ് ലൈൻ നമ്പറിൽ അറിയിക്കാവുന്നതാണ്. വനിതകളുമായി ബന്ധപ്പെട്ട പരാതികൾ ആണെങ്കിൽ വനിതാ സംരക്ഷണ ഓഫീസർ (WPO)ഒരാഴ്ചക്കകം നടപടി സ്വീകരിക്കുകയും കുട്ടികളുമായി ബന്ധപ്പെട്ട പരാതികളാണ് എങ്കിൽ ശിശു സംരക്ഷണ ഓഫീസർ (DCPO)അടിയന്തിരമായോ അല്ലെങ്കിൽ 48 മണിക്കൂറിനുള്ളിലോ നടപടി സ്വീകരിക്കുന്നതുമാണ് .

6. 181 മിത്ര ഹെൽപ് ലൈൻ

സ്ത്രീകൾക്ക് ഗാർഹിക പീഡനം ,മറ്റ് അതിക്രമങ്ങൾ എന്നിവ 181 മിത്ര ഹെൽപ് ലൈനിൽ വിളിച്ച് പരാതിപ്പെടാവുന്നതും, കൗൺസിലിംഗിനായി സഹായം അഭ്യർത്ഥിക്കാവുന്നതുമാണ്.

7. <u>സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകൾ</u>

- ഗാർഹിക പീഡനത്തിനിരയാകുന്ന വനിതകൾക്കും കുട്ടികൾക്കും സൗജന്യ നിയമ സഹായം, വൈദ്യസഹായം, വൊക്കേഷണൽ ട്രെയിനിംഗ് , ഷെൽട്ടർ ഹോമുകളിലേയ്ക്കുള്ള റഫറൻസ്, പോലീസിന്റെ സഹായം , ഗാർഹിക പീഡന നിയമത്തെക്കുറിച്ചുള്ള ബോധവത്ക്കരണ ക്ലാസ്സുകൾ , കൗൺസിലിംഗ് എന്നിവ നൽകുന്നതിന് കേരളത്തിലെ **14** ജില്ലകളിലായി നിലവിൽ **83** സർവീസ് പ്രൊവൈഡിംഗ് സെൻററുകൾ കേരള സാമൂഹിക ക്ഷേമ ബോർഡ് മുഖേന പ്രവർത്തിച്ചു വരുന്നു.

8. <u>ഷെൽട്ടർ ഹോമുകൾ :-</u>

ഗാർഹിക അതിക്രമങ്ങളിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കുന്ന നിയമം 2005 പ്രകാരം ഗാർഹിക പീഢനങ്ങൾക്കിരയാകുന്ന വനിതകൾക്ക് സൗജന്യ ഭക്ഷണം , സൗജന്യ താമസം, സൗജന്യ വസ്ത്രം, കൗൺസിലിംഗ്, സൗജന്യ നിയമ സഹായം, വൈദ്യ സഹായം , തൊഴിൽ അധിഷ്ഠിത പരിശീലനം, കുട്ടികളുടെ സംരക്ഷണത്തിനും പഠനത്തിനുമുള്ള സൗകര്യങ്ങൾ എന്നീ സേവനങ്ങൾ നൽകുന്നതിന് കേരളത്തിൽ ആകെ 11 ഷെൽറ്റർ ഹോമുകൾ പ്രവർത്തിച്ചുവരുന്നു.

## <u>സ്റ്റേറ്റ് നിർഭയസെൽ</u>

സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള ലൈംഗീക അതിക്രമങ്ങൾ തടയുന്നതിനുവേണ്ടി കേരള സർക്കാർ G.O(MS) 17/2012-SWD dt, 13.3.12 പ്രകാരം അംഗീകരിച്ചു നടപ്പാക്കി വരുന്ന നയ പരിപാടിയാണ് നിർഭയ പദ്ധതി. ലൈംഗീക പീഡനം, ലൈംഗീകാതിക്രമം, ലൈംഗീക വ്യത്തിക്കുവേണ്ടിയുള്ള മനുഷ്യക്കടത്ത് എന്നിവയ്ക്കെതിരായുള്ള ശക്തമായ പ്രവർത്തനങ്ങൾക്കാണ് ഈ പദ്ധതി മുൻതൂക്കം നൽകുന്നത്.

നാല്ല പ്രധാന മേഖലകളിലെ ഇടപെടലുകളിലാണ് പദ്ധതി ലക്ഷ്യമിടുന്നത്.

(1) **പ്രതിരോധം**

ലൈംഗീകാതിക്രമങ്ങൾക്കെതിരായും ഇതിന്റെ പ്രധാന കാരണങ്ങളായ ലിംഗവിവേചനം, ഗാർഹിക പീഡനം, മദ്യപാനം മുതലായവയ്ക്കെതിരായും സമൂഹത്തിൽ ബൃഹത്തായ ബോധവത്ക്കരണവും പ്രതിരോധ പ്രവർത്തനങ്ങളും നടത്തുക.

(2) **സംരക്ഷണം**

ശക്തമായ പ്രതിരോധ നടപടികളും പരിഹാരമാർഗ്ഗങ്ങളും സ്വീകരിച്ചുകൊണ്ട് പീഡിതർക്ക് തങ്ങളുടെ ശാരീരികവും മാനസികവുമായ മുറിവുകളിൽനിന്നും ആശ്വാസം നൽകി സമൂഹത്തിൽ മാന്യമായി കഴിയാൻ സഹായകരമായ സംരക്ഷണ സേവനങ്ങൾ നൽകുക.

(3) **നിയമനടത്തിപ്പ്**

ഇത്തരം കുറ്റകൃത്യങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്. കേസ് അന്വേഷണം,സാക്ഷി വിസ്താരം തുടങ്ങി കോടതി നടപടികൾ ത്വരിതപ്പെടുത്തുകയും കുറ്റവാളികൾക്കെതിരായി ശക്തമായ നിയമനടപടിക്രമങ്ങൾ പൂർത്തീകരിച്ച് പരമാവധി ശിക്ഷ ഉറപ്പുവരുത്തുകയും ചെയ്യുന്നു.

(4) **പുനരധിവാസവും പുനരേകീകരണവും**

ലൈഗീകാതിക്രമത്തിനും വാണിഭത്തിനും ഇരയായവരെ മാനസികവും വൈകാരികവുമായി സുഖപ്പെടുത്തി അനുയോജ്യമായ വിദ്യാഭ്യാസവും തൊഴിൽ പരിശീലനവും നൽകി സമൂഹത്തിന്റെ മുഖ്യധാരയിൽ അന്തസ്സായി ജീവിക്കുന്നതിന് പ്രാപ്തരാക്കുന്നു. പ്രധാനമായും 4 തലങ്ങളായാണ് പദ്ധതി നടപ്പാക്കുന്നത്. പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ, ബ്ലോക്ക് -ജില്ലാ-സംസ്ഥാനതലങ്ങൾ. നിർഭയ പദ്ധതിയുടെ നടത്തിപ്പിനായി വനിത ശിശുവികസന വകുപ്പിൽ ഡയറക്ടറേറ്റിനോടനുബന്ധിച്ച് നിർഭയസെൽ രൂപീകരിച്ചിട്ടുണ്ട്.

1. **നിർഭയസെല്ലിന്റെ കീഴിൽ പോക്സോ അതിജീവിതർക്കായുള്ള സ്ഥാപന വാസ സംവിധാനം**

സംസ്ഥാനത്തുടനീളം 13 ജില്ലകളിലായി 14 എൻടി ഹോമുകളും മൂന്ന് എസ്.ഒ.എസ്. ഹോമുകളും പ്രവർത്തിച്ചുവരുന്നു. കൂടാതെ ഹോം ഫോർ മെന്റൽ ഹെൽത്ത്,

തേജോമയ ഹോം, തൃശ്ശൂർ മോഡൽ ഹോം, ഇന്റഗ്രേറ്റഡ് ചൈൽഡ് കെയർ സെന്റർ എന്നിവയും പ്രവർത്തിക്കുന്നുണ്ട്. മാനസിക വെല്ലുവിളി നേരിടുന്ന അതിജീവിതർക്കായുള്ള ഹോം, 18 കഴിഞ്ഞവർക്കുള്ള ആഫ്റ്റർ കെയർ ഹോം എന്നിവ ഉടൻ പ്രവർത്തനം ആരംഭിക്കുന്നതാണ്. എല്ലാ ഹോമുകളും സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക സഹായത്താൽ സന്നദ്ധസംഘടനകളുടെ മേൽനോട്ടത്തിൽ നടത്തപ്പെടുന്നു. എല്ലാ ഹോമുകളിലുമായി ഏകദേശം 400 ലധികം അതിജീവിതരുണ്ട്. ഇവർക്കാവശ്യമായ ഭക്ഷണം, വസ്ത്രം, അഭയം, നിയമനടത്തിപ്പ്, വൈദ്യസഹായം, തൊഴിൽ പരിശീലനം എന്നിവ ഈ കേന്ദ്രങ്ങളിലൂടെ ലഭ്യമാക്കുന്നു. ചൈൽഡ് വെൽഫെയർകമ്മിറ്റിയുടെ അനുമതിയോടെയാണ് കുട്ടികളെ ഹോമിൽ പ്രവേശിപ്പിക്കുന്നതും വിടുതൽ ചെയ്യുന്നതും. അതിജീവിതയെ ആദ്യം ഹാജരാക്കേണ്ടത് സി.ഡബ്ല്യു.സി. മുമ്പാകെയാണ്. അതിജീവിതരെ ആദ്യം താമസിപ്പിക്കുന്നത് ജില്ലകളിലെ എൻട്ടി ഹോമുകളിലാണ്. പിന്നീട് കുട്ടികളുടെ പങ്കാളിത്തത്തോടുകൂടി അവരുടെ ഉത്തമ താത്പര്യം സംരക്ഷിക്കുന്നതിനുവേണ്ടി സി.ഡബ്ല്യു.സി. ആണ് മറ്റ് ഹോമുകളിലേക്ക് കുട്ടികളെ ട്രാൻസ്ഫർ ചെയ്യുന്നത്.

**2. തേജോമയ ആഫ്റ്റർ കെയർ ഹോം.**

എൻട്ടി ഹോമിലെയും തൃശ്ശൂർ മോഡൽ ഹോമിലെയും താമസക്കാരിൽ 16 വയസ്സിന് മുകളിലുള്ള ഉപരിപഠനത്തിന് താത്പര്യവും പ്രാപ്തിയും ഇല്ലാത്ത കുട്ടികൾക്ക് തൊഴിൽ പരിശീലനം നൽകി വരുമാനദായകമായ തൊഴിൽ കണ്ടെത്തി കൊടുക്കുന്നതിലേക്കാണ് ഈ ഹോം വിഭാവനം ചെയ്തിരിക്കുന്നത്. എറണാകുളം എടക്കാട്ടുവയലിൽ എച്ച്.എൽ.എഫ്.പി.പി.റ്റി.യുടെ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്ന തേജോമയ ഹോം 19 കുട്ടികൾക്കുവേണ്ടിയുള്ളതാണ്.

**3. ഇന്റഗ്രേറ്റഡ് കെയർ സെന്റർ**

എൻട്ടി. ഹോമിലെ താമസക്കാരിൽ ഗർഭകാലം മുതൽ ഗർഭാനന്തരം വരെയുള്ള പരിചരണം ആവശ്യമുള്ളവർക്കും എം.ടി.പി. കഴിഞ്ഞവർക്കും വേണ്ടി തിരുവനന്തപുരം ജില്ലയിൽ പ്രവർത്തിക്കുന്ന ഹോമാണ് ഇന്റഗ്രേറ്റഡ് കെയർ സെന്റർ. ഇവർക്ക് പ്രത്യേക പരിചരണം ആവശ്യമായതിനാൽ സാധാരണ എൻട്ടി ഹോമുകളിൽ താമസിപ്പിക്കുമ്പോൾ അതിനുള്ള സൗകര്യവും സാഹചര്യവും ലഭ്യമാവുകയില്ല.

4. **ഹോം ഫോർ മെന്റൽ ഹെൽത്ത്, തൃശ്ശൂർ**

എൻട്രി ഹോമിലെ നിലവിലെ താമസക്കാരിൽ ചെറിയ തോതിലുള്ള പെരുമാറ്റ വൈകല്യങ്ങൾ മുതൽ ഗുരുതരമായ മാനസിക രോഗത്തിന് ചികിത്സയിൽ കഴിയുന്നവർ വരെയുണ്ട്. ഇവരെ മറ്റ് താമസക്കാരോടൊപ്പം പാർപ്പിക്കുന്നതിന് അവർക്കും മറ്റ് താമസക്കാർക്കും ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്. മാനസിക ബുദ്ധിമുട്ട് അനുഭവിക്കുന്ന താമസക്കാർക്ക് പ്രത്യേകം പരിചരണവും കൗൺസിലിംഗം ചികിത്സയും പരിചയസമ്പന്നരുടെ നേതൃത്വത്തിൽ നൽകിയാൽ മാത്രമേ അവരെ സാധാരണ ജീവിതത്തിലേക്ക് ഉയർത്തിക്കൊണ്ടുവരുവാൻ സാധിക്കുകയുള്ളൂ. ആയതിനാൽ അവരുടെ മാനസികാഘാതം ലഘൂകരിച്ച് സാധാരണ നിലയിലേക്ക് കൊണ്ടുവരുന്നതിനും താമസക്കാർക്ക് ശിശുസൗഹൃദമായ അന്തരീക്ഷത്തിൽ ചികിത്സ ആരംഭിച്ച് പ്രത്യേക പരിചരണവും കൗൺസിലിംഗം നൽകി പുനരധിവസിപ്പിക്കുന്നതിനും അവരുടെ സമഗ്രമായ വികസനം ലക്ഷ്യമാക്കിയാണ് ഹോം ഫോർ മെന്റൽ ഹെൽത്ത് തൃശ്ശൂർ രാമവർമ്മപുരത്ത് പ്രവർത്തിക്കുന്നത്. ചികിത്സ പൂർത്തിയാകുന്ന മുറയ്ക്ക് ഇവരെ സാധാരണ ഹോമിലേക്ക് മാറ്റി പാർപ്പിക്കുന്നതാണ്. സൈക്യാട്രിസ്റ്റ്, സ്റ്റാഫ് നഴ്സ് എന്നിവരെ ഹോമിൽ നിയോഗിച്ചിട്ടുണ്ട്.

5. **മോഡൽ ഹോം ഫോർ ഗേൾസ്, തൃശ്ശൂർ**

നിർഭയ പദ്ധതിയുടെ ഭാഗമായി നിലവിൽ 14 എൻട്രി ഹോമുകളും (പത്തനംതിട്ട ഒഴികെ) മൂന്ന് എസ്.ഒ.എസ്. ഹോമുകളും പ്രവർത്തിക്കുന്നു. എൻട്രി ഹോമിൽ താമസിക്കുന്ന കുട്ടികളെ 3 മാസത്തിനുള്ളിൽ പുനരധിവാസ പ്രക്രിയ പൂർത്തീകരിക്കാൻ കഴിയാതെ വരുന്ന സാഹചര്യത്തിൽ അവരുടെ പഠനവും ജീവിതനൈപുണ്യവും മറ്റും ഉറപ്പുവരുത്തുന്നതിനുവേണ്ടിയും കുട്ടികളുടെയും അവരുടെ വീട്ടുകാരുടെയും സമ്മതത്തോടുകൂടി തൃശ്ശൂർമോഡൽ ഹോമിലേക്ക് സി.ഡബ്ല്യു..സിയുടെ ഉത്തരവ് പ്രകാരം മാറ്റിപ്പാർപ്പിക്കുന്നു. 12-18 വരെയുള്ള വിദ്യാർത്ഥികൾക്ക് പഠനത്തോടൊപ്പം പാഠ്യേതര പ്രവർത്തനങ്ങളും നൽകി സംരക്ഷിച്ചു പോരുന്നു. 150 കുട്ടികളെ പാർപ്പിക്കുവാൻ സാധിക്കുന്നു.

6. **മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കായുള്ള ഹോം.**

നിലവിലെ സാഹചര്യത്തിൽ എസ്.ഒ.എസ്. ഹോമിലും എൻടി ഹോമുകളിലും മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾ മറ്റ് കുട്ടികളോടൊപ്പം താമസിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് അവരുടെ എല്ലാ അവകാശങ്ങളും സംരക്ഷിച്ചുകൊണ്ട് കൃത്യമായ രീതിയിലുള്ള അവരുടെ വികസനം ഉറപ്പുവരുത്തുന്നതിനുവേണ്ടി അവർക്ക് കൃത്യമായ പരിചരണം ലഭിക്കുന്നതിനുവേണ്ടിയും ഓരോ കുട്ടികൾക്കുവേണ്ടിയും അവരുടെ കഴിവിനനുസരിച്ചുള്ള തൊഴിൽ പരിശീലനവും ജീവിതനൈപുണ്യവും ലഭ്യമാക്കുവാൻ വേണ്ടിയാണ് പ്രസ്തുത ഹോം തൃശ്ശൂർ രാമവർമ്മപുരത്ത് പ്രവർത്തനം ആരംഭിക്കുവാൻ ഉദ്ദേശിച്ചിരിക്കുന്നത്. മോഡറേറ്റും സിവിയറുമായ ഐ.ക്യു. കാറ്റഗറിയിൽപ്പെട്ട കുട്ടികളെ മാത്രമേ ഈ സ്ഥാപനത്തിലേക്ക് സി.ഡബ്ല്യു.സി. ഉത്തരവ് പ്രകാരം മാറ്റിപ്പാർപ്പിക്കുകയുള്ളൂ. മൈൽഡ് കാറ്റഗറിയിലുള്ള കുട്ടികൾ ഇൻക്ലൂസീവ് ആയി തന്നെ മറ്റ് കുട്ടികളോടൊപ്പം താമസിക്കും.

7. **ആഫ്റ്റർ കെയർ ഹോം**

ബാലനീതി നിയമപ്രകാരം രജിസ്ട്രേഷൻ ലഭിച്ചിട്ടുള്ള തൃശ്ശൂർ മോഡൽ ഹോമിലും എൻടി ഹോമിലും 18 വയസ്സ് കഴിഞ്ഞ കുട്ടികളെ 18 വയസ്സിന് താഴെയുള്ള കുട്ടികളോടൊപ്പം താമസിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടതിനെതുടർന്ന് ആഫ്റ്റർ കെയർ ഹോമുകൾ സ്ഥാപിക്കുവാൻ തീരുമാനമെടുക്കുകയും അത് പ്രകാരം തിരുവനന്തപുരം ജില്ലയിലും എറണാകുളം ജില്ലയിലും ഓരോ ഹോമുകൾ ആരംഭിക്കുന്നതിന് സർക്കാർ ഉത്തരവ് ലഭ്യമായിട്ടുണ്ട്. ഹോം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഈ സ്ഥാപനത്തിലൂടെ തുടർന്ന് പഠിക്കാൻ താത്പര്യമുള്ള കുട്ടികൾക്ക് അതിനുള്ള സാഹചര്യം ലഭ്യമാക്കിക്കൊടുക്കുവാനും തൊഴിൽ പരിശീലനങ്ങൾ നൽകുവാനും തൊഴിൽ ലഭ്യമാക്കിക്കൊടുക്കുവാനുമാണ് ഉദ്ദേശിക്കുന്നത്.

8. **എസ്.ഒ.എസ്. മോഡൽ ഹോം, തിരുവനന്തപുരം, പാലക്കാട്**

12 വയസ്സിന് താഴെയുള്ള അതിജീവിതർക്ക് ഭവനാന്തരീക്ഷം നൽകി പരിപാലിക്കുന്നതിനാണ് എസ്.ഒ.എസ്. മോഡൽ ഹോം ലക്ഷ്യമിടുന്നത്. പാലക്കാട്, തിരുവനന്തപുരം ജില്ലകളിലായി 3 ഹോമുകൾ പ്രവർത്തിക്കുന്നു. ഒരു ഹൗസ് മദറിന്റെയും സഹായിക്കുമൊപ്പം 6-8 കുട്ടികൾ പാർത്തുവരുന്നു.

9. **വൺസ്റ്റോപ്പ് സെന്റർ**

സ്ത്രീകൾക്കെതിരെ വർദ്ധിച്ചുവരുന്ന അതിക്രമങ്ങൾ തടയുന്നതിനും അതിക്രമങ്ങൾ അതിജീവിച്ചവർക്ക് ആവശ്യമായ കൌൺസിലിംഗ്, വൈദ്യസഹായം, ചികിത്സ, നിയമസ്ഹായം പോലീസ് സംരക്ഷണം, സുരക്ഷിത അഭയം എന്നീ സേവനങ്ങൾ ഒരു കുടക്കീഴിൽ ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടുകൂടി കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ സംസ്ഥാന വനിതശിശുവികസന വകുപ്പിന്റെ മേൽനോട്ടത്തിൽ ജില്ലാകളക്ടർ അദ്ധ്യക്ഷനായ ടാസ്ക്ഫോഴ്സ് കമ്മിറ്റിയുടെ നേതൃത്വത്തിൽ നടപ്പാക്കി വരുന്ന പദ്ധതിയാണ് വൺസ്റ്റോപ്പ്സെന്റർ (ഒ.എസ്.സി.). കേരളത്തിൽ 14 ജില്ലകളിലും ഒ.എസ്.സി. പ്രവർത്തിച്ചുവരുന്നു.

ലിംഗപദവിയുമായി ബന്ധപ്പെട്ട അതിക്രമങ്ങൾക്ക് വിധേയരാകുന്നവർക്ക് ഏതുസമയത്തും അഭയം തേടാവുന്ന സ്ഥാപനമാണിത്. ഒരു വനിത സെന്റർ അഡ്മിനിസ്ട്രേറ്റർ സെന്ററിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നു. കൗൺസിലർ, ഡോക്ടർ, പോലീസ്, വക്കീൽ, വനിത സംരക്ഷണ ഓഫീസർ എന്നിവരുടെ സേവനവും സെന്ററിൽ ലഭ്യമാകുന്നു.

ജാതിമത വർഗ്ഗ-വർണ പ്രായഭേദമന്യേ സ്ത്രീകൾ സ്വകാര്യ-പൊതുയിടങ്ങളിൽ നേരിടുന്ന ശാരീരിക, മാനസിക-വൈകാരിക-ലൈംഗീക അതിക്രമങ്ങൾ പരിഹരിക്കുന്നതിന് ആവശ്യമായ ഇടപെടലുകൾ നടത്തുകയും സേവനങ്ങൾ ഏകീകൃതമായി നൽകുകയും ശാശ്വത പരിഹാരം കണ്ടെത്താൻ സഹായിക്കുകയും ചെയ്യുന്നു. സെന്റർ 24 മണിക്കൂറും പ്രവർത്തിക്കുന്നു.

**സേവനങ്ങൾ**

1) പ്രശ്നത്തിൽ അടിയന്തിര ഇടപെടൽ സഹായം.
2) കൗൺസിലിംഗ്
3) വൈദ്യസഹായം
4) എഫ്.ഐ.ആർ, എൻ.സി.ആർ, ഡി.ഐ.ആർ ഫയൽ ചെയ്യുവാൻ പോലീസ്, വനിത സംരക്ഷണ ഓഫീസർ മുതലയാവരുടെ സേവനം
5) നിയമസഹായം
6) സുരക്ഷിത അഭയം
7) വീഡിയോ കോൺഫറൻസിംഗ് സംവിധാനം
8) റഫറൽ സർവ്വീസ്

10. ആശ്വാസനിധി

**(സർക്കാർ ഉത്തരവ് സാധാ നം. 701/2018-സാനീവ തീയതി 10.12.18)**

അതിക്രമങ്ങൾ അതിജീവിച്ച് സ്ത്രീകൾക്കും കുട്ടികൾക്കും ഗുരുതരമായ ക്ഷതങ്ങളോ രോഗങ്ങളോ ഉണ്ടാകാറുണ്ട്. ആസിഡ് അതിക്രമങ്ങൾ അതിജീവിച്ചവർക്ക് പലപ്പോഴും ജീവിതകാലം മുഴുവൻ ഘട്ടംഘട്ടമായുള്ള ശാരീരിക മാനസിക ചികിത്സകൾ വേണ്ടിവരുന്നു. ഇത്തരത്തിലുള്ളവർക്ക് അടിയന്തിര ധനസഹായമെന്ന നിലയിൽ ആരംഭിച്ച പദ്ധതിയാണ് ആശ്വാസനിധി.

**ഗുണഭോക്താക്കൾ**

1) ലൈംഗീകാതിക്രമം അതിജീവിച്ചവർ
2) ആസിഡ് ആക്രമണം അതിജീവിച്ച സ്ത്രീകളും കുട്ടികളും
3) ഗാർഹിക പീഡനത്തിന് വിധേയരായവർ
4) ഹീനമായ ലിംഗവിവേചനം അതിജീവിച്ചവർ

ഇത്തരത്തിലുള്ള കുറ്റകൃത്യങ്ങൾ രജിസ്റ്റർ ചെയ്യപ്പെടുകയോ സ്വമേധയാ വെളിപ്പെടുകയോ ചെയ്താൽ വനിതശിശുവികസന വകുപ്പ് ഡയറക്ടർ പുറപ്പെടുവിച്ചിട്ടുള്ള നിർദ്ദേശങ്ങൾക്കനുസരണമായി കുട്ടികളുടെ പരാതിയിൽ ജില്ലാ ശിശുസംരക്ഷണ ഓഫീസറും സ്ത്രീകളുടെ പരാതിയിൽ വനിത സംരക്ഷണ ഓഫീസറും പരാതി നിർഭയ സെല്ലിന്റെ സംസ്ഥാന കോർഡിനേറ്ററുടെ ശ്രദ്ധയിൽകൊണ്ടുവരേണ്ടതും തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

ലൈംഗീകാതിക്രമങ്ങൾ, ആസിഡ് ആക്രമണങ്ങൾ, നിഷ്ഠൂരമായ കുറ്റകൃത്യങ്ങൾ, ജെന്റർബേസ്ഡ് അതിക്രമങ്ങൾ എന്നിവ അതിജീവിച്ചിട്ടുള്ള സ്ത്രീകൾക്കും കുട്ടികൾക്കും അടിയന്തിര സഹായമായി ആശ്വാസനിധിയിൽ നിന്നും തുക നൽകിവരുന്നു.

11. **ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടികളുടെയും ലൈംഗികാതിക്രമം അതിജീവിച്ച കുട്ടികളുടെയും സാമൂഹികാധിഷ്ഠിത പുനരധിവാസ പദ്ധതി (കാവൽപ്ലസ്)**

വനിതശിശുവികസന വകുപ്പ് നടപ്പിലാക്കി വരുന്ന കാവൽപ്ലസ് പദ്ധതി ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടികളുടെയും ലൈംഗികാതിക്രമം അതിജീവിച്ച കുട്ടികളുടെയും സാമൂഹികാധിഷ്ഠിത പുനരധിവാസം ലക്ഷ്യമിടുന്നു. മാനസികവും സാമൂഹികവുമായ പരിരക്ഷ ഈ പദ്ധതിയിലൂടെ കുട്ടികൾക്ക് ലഭ്യമാക്കുകയും

സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരാൻ സാധിക്കുകയും ചെയ്യുന്ന പദ്ധതിയാണ് കമ്മ്യൂണിറ്റി ബേസ്ഡ് റീഹാബിലിറ്റേഷൻ പ്രോജക്റ്റ് (കാവൽപ്ലസ്) പ്രസ്തുത പദ്ധതി ആദ്യഘട്ടത്തിൽ (2020-21) തിരുവനന്തപുരം, പാലക്കാട് എന്നീ ജില്ലകളിൽ നടപ്പിലാക്കുകയും തുടർന്ന് 2021-22 ൽ അഞ്ചു ജില്ലകളിൽ കൂടി (കണ്ണൂർ, കോഴിക്കോട്, മലപ്പുറം, എറണാകുളം, ഇടുക്കി) വ്യാപിപ്പിക്കുകയും 750 ഓളം കുട്ടികൾക്ക് സേവനം ലഭ്യമാക്കുന്ന ഉദ്ദേശത്തോടുകൂടിയാണ് പദ്ധതി നടപ്പിലാക്കുന്നത്. കാവൽപ്ലസ് പദ്ധതി മേൽപ്പറഞ്ഞ ജില്ലകളിൽ തെരഞ്ഞെടുക്കപ്പെട്ട എൻ.ജി.ഒ.കൾ മുഖേന ജില്ലാ ശിശുസംരക്ഷണ യൂണിറ്റിന്റെ നേതൃത്വത്തിലാണ് പദ്ധതി നടപ്പിലാക്കുന്നത്.

## 12. ലീഗൽഡെസ്ക്

നിർഭയസെല്ലിന്റെ നിയന്ത്രണത്തിലുള്ള ഹോമുകളിലെ പോക്സോ അതിജീവിതരുടെ കേസ് സംബന്ധമായ നടപടികൾ കൃത്യമായും കാര്യക്ഷമമായും നടക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനും സംസ്ഥാനതലത്തിൽ ഇവയുടെ ക്രോഡീകരണത്തിനും ആവശ്യമായ ഇടപെടലിനുമായി നിർഭയസെല്ലിൽ ഒരു ലീഗൽഡെസ്ക് പ്രവർത്തിച്ചുവരുന്നു.

അതിക്രമത്തിനിരയായ ഏതൊരു കുട്ടിയും ബാലനീതി നിയമപ്രകാരം ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള ഗണത്തിൽപ്പെടുന്നതാണ്. അതിക്രമങ്ങൾക്കിരയാകുന്നവരും ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള വരുമായ കുട്ടികളെ പുനരധിവസിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതിനായി എല്ലാ ജില്ലകളിലും ചൈൽഡ് വെൽഫയർ കമ്മിറ്റികൾ , ജില്ലാ ശിശു സംരക്ഷണ യൂണിറ്റുകൾ എന്നിവ രൂപീകരിച്ചിട്ടുണ്ട്. കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ ശ്രദ്ധയിൽപ്പെടുമ്പോൾ ആയത് തടയുന്നതിനായി വകുപ്പ് മുൻകൈയെടുത്ത് ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

1. <u>അതിക്രമങ്ങൾ ഇരയാകുന്ന കുട്ടികൾക്കായി കൗൺസിലിംഗ് സേവനങ്ങൾക്ക് ചുവടെ ചേർക്കുന്ന പദ്ധതികൾ നിലവിലുണ്ട്.</u>

    - ➢ കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ ഫലപ്രദമായി തടയുന്നതിനായി വില്ലേജ്, പഞ്ചായത്ത്, ബ്ലോക്ക്, കോർപ്പറേഷൻ, മുൻസിപ്പാലിറ്റി തല-

ത്തിൽ ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ടി കമ്മിറ്റികൾ ശാക്തീകരിയ്ക്കുന്നതിനായി വകുപ്പിന്റെ നേതൃത്വത്തിൽ കമ്മിറ്റി കൺവീനർമാരായ 1226 ഐസിഡിഎസ് സൂപ്പർവൈസർമാർക്ക് 14 ദിവസം നീണ്ടുനിൽക്കുന്ന പരിശീലന പരിപാടി സംഘടിപ്പിച്ച് വേണ്ട നിർദ്ദേശങ്ങൾ നൽകിയിരുന്നു. ആയതിൻപ്രകാരം ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റികൾ വിളിച്ച് ചേർക്കുകയും അപകട സാഹചര്യത്തിൽ താമസിയ്ക്കുന്ന കുട്ടികൾക്ക് സുരക്ഷയും സഹായവും നൽകുന്നതിന് വേണ്ടിയുള്ള പദ്ധതികൾ ജില്ലാതലത്തിൽ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു.

- പാരന്റിംഗ് ക്ലിനിക്കുകളുടെ നേതൃത്വത്തിൽ പഞ്ചായത്ത് തലങ്ങളിൽ ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റിയുടെ പിന്തുണയോടെ പാരന്റിംഗ്, കൗൺസിലിംഗ് ക്യാമ്പുകൾ നടത്തി വരുന്നു. കൂടാതെ, കുട്ടികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനും രക്ഷിതാക്കളിൽ വേണ്ടത്ര അവബോധം സൃഷ്ടിയ്ക്കുന്നതിനുമായി പാരന്റിംഗ് ക്യാമ്പയിനുകൾ, വെബിനാറുകൾ, ഹ്രസ്വചിത്രങ്ങൾ, ഡോക്യുമെന്ററി, പോസ്റ്ററുകൾ, എഫ്. എം ക്യാമ്പയിനുകൾ എന്നിവ സംഘടിപ്പിച്ചു വരുന്നു.
- കുട്ടികളുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിനും വിദഗ്ധപരിചരണം നൽകുന്നതിനുമായി ജില്ലാതലത്തിൽ ജില്ലാ റിസോഴ്സ് സെന്റർ (DRC) രൂപീകരിച്ചിട്ടുണ്ട്.
- കുട്ടികളുടെ വൈകാരിക-മാനസിക-സാമൂഹ്യ-പഠന പ്രശ്നങ്ങൾ ശാസ്ത്രീയമായ രീതിയിൽ മുൻകൂട്ടി കണ്ടെത്തി കുട്ടികൾക്കാവശ്യമായ ജീവിത നൈപുണി വിദ്യാഭ്യാസം നൽകുന്നതിനായി തെരെഞ്ഞെടുത്ത സ്കൂളുകളിൽ ഔവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ (ഓ.ആർ.സി) പദ്ധതി നടപ്പിലാക്കി വരുന്നു. ഓ.ആർ.സി പദ്ധതിയിലൂടെ രക്ഷകർത്താക്കൾക്കും അദ്ധ്യാപകർക്കും കുട്ടികൾ അഭിമുഖീകരിയ്ക്കുന്ന പ്രശ്നങ്ങൾ മുൻകൂട്ടി മനസ്സിലാക്കുന്നതിനും ഇടപെടലുകൾ നടത്തുന്നതിനാവശ്യമായ പരിശീലനങ്ങളും നൽകി വരുന്നു.
- സമൂഹത്തിൽ അതിതീവ്രമായ പ്രശ്നങ്ങൾ നേരിടുന്ന ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടികൾക്ക് ശാരീരിക - മാസിക - സാമൂഹിക പരിരക്ഷയും പരിചരണവും നൽകുന്നതിനായി രൂപീകരിച്ചിട്ടുള്ള ഒരു നൂതന പദ്ധതിയാണ് കാവൽ പ്ലസ് (Community based rehabilitation and re-

integration of children in need of care and protection through psycho - social approach) എന്ന പദ്ധതി. പ്രവർത്തനങ്ങളുടെ ഭാഗമായി വിഷമകരമായ സാഹചര്യങ്ങളിലേയ്ക്ക് എത്തിപ്പെടാൻ സാധ്യതയുള്ള കുട്ടികളെ കണ്ടെത്തി സംരക്ഷിയ്ക്കുകയും ഗുരുതരമായ അപകടങ്ങൾ (ലൈംഗികാതിക്രമം, ശാരീരിക മർദ്ദനം തുടങ്ങിയവ) നേരിടുന്നതിൽ നിന്നും അവരെ സംരക്ഷിയ്ക്കുവാനും സാധിയ്ക്കുന്നു

2. <u>പീഡനത്തിനും മറ്റ് അതിക്രമങ്ങൾക്കും ഇരയാകുന്ന കുട്ടികൾക്ക് വൈദ്യസഹായം നൽകുന്നതിനായുള്ള ചുവടെ ചേർക്കുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.</u>
   - ആശ്വാസനിധി - അതിക്രമങ്ങൾക്ക് ഇരയാകുന്ന കുട്ടികൾക്ക് interim relief നൽകുന്നതിനായുള്ള പദ്ധതി.
   - മാസ്റ്റർ ഷെഫീഖ് കമ്മിറ്റി കരുതൽ തുക - അതിക്രമങ്ങൾക്ക് ഇരയാകുന്ന കുട്ടികൾക്ക് അടിയന്തിര വൈദ്യസഹായം നൽകുന്നതിനുള്ള പദ്ധതി.
   - ബാലനിധി - സമൂഹത്തിൽ വിവിധ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്ന കുട്ടികൾക്ക് ധനസഹായം നല്കുന്നതിനായി ബാലനീതി നിയമം 2015 പ്രകാരം രൂപീകരിച്ചിട്ടുള്ളത്.

3. <u>അതിക്രമങ്ങൾക്ക് ഇരയാകുന്ന കുട്ടികൾക്ക് കെസ്, വിചാരണ എന്നീ ഘട്ടങ്ങളിൽ ആവശ്യമായ പിന്തുണ നല്കുന്നതിനും നിയമ സഹായം നല്കുന്നതിനുമായി സപ്പോർട്ട് പേഴ്സൺ, വിദഗ്ദ്ധർ എന്നിവരുടെ സഹായം സൗജന്യമായി നല്കി വരുന്നു.</u>

4. കൂടാതെ അതിക്രമങ്ങൾക്കും മറ്റും ഇരയാകുന്ന കുട്ടികളെ പുനരധിവസിപ്പിയ്ക്കുന്നതിനായി ബാലനീതി നിയമപ്രകാരമുള്ള വിവിധ സംവിധാനങ്ങൾ രൂപീകരിച്ച് പ്രവർത്തിക്കുന്നുണ്ട്. ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടികൾക്കായി സംയോജിത ശിശു സംരക്ഷണ പദ്ധതി പ്രകാരം സ്ഥാപന സംരക്ഷണം , സ്ഥാപനേതര സംരക്ഷണം എന്നീ പുനരധിവാസ മാർഗ്ഗങ്ങളാണുള്ളത്.

- <u>സ്ഥാപന സംരക്ഷണം :</u> ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടികളെ സംരക്ഷിക്കുന്നതിനും സർക്കാരിന്റെ കീഴിൽ 27 ശിശു സംരക്ഷണ സ്ഥാപനങ്ങളും ബാലനീതി നിയമ പ്രകാരം രജിസ്റ്റർ ചെയ്ത് വിവിധ സന്നദ്ധ സംഘടനകൾ നടത്തുന്ന 728 സ്ഥാപനങ്ങളും സംസ്ഥാനത്ത് നിലവിലുണ്ട്. ഏതെങ്കിലും തരത്തിൽ

ബുദ്ധിമുട്ടനുഭവിക്കുന്ന ശ്രദ്ധയും പരിചരണവും ആവശ്യമായ കുട്ടികൾക്ക് സ്ഥാപന സംരക്ഷണം ആവശ്യമാണെന്ന് തോന്നുന്നപക്ഷം ടി കുട്ടികളെ ചൈൽഡ് വെൽ ഫയർ കമ്മിറ്റിക്ക് മുമ്പിൽ ഹാജരാക്കി കമ്മിറ്റിയുടെ ഉത്തരവ് പ്രകാരം ശിശു സംരക്ഷണ സ്ഥപനങ്ങളിൽ താമസിപ്പിച്ച് വിദ്യാഭ്യാസവും മറ്റു സൗകര്യങ്ങളും ഉറപ്പാക്കുന്നു.

- <u>സ്ഥാപനേതര സംരക്ഷണം :</u>

1. അഡോപ്ഷൻ: മാതാപിതാക്കൾ ഇല്ലാത്തതും ഉപേക്ഷിക്കപ്പെടുന്നതുമായ കുട്ടികൾക്ക് അനുയോജ്യരായതും കുട്ടികളെ പരിപാലിയ്ക്കാൻ പ്രാപ്തരായതുമായ മാതാപിതാക്കൾക്ക് ദത്ത് നല്കി കുട്ടിയ്ക്ക് സ്ഥായിയായ കുടുംബാന്തരീക്ഷം സൃഷ്ടിക്കുന്നു.
2. ഫോസ്റ്റർ കെയർ (പോറ്റിവളർത്തൽ) : മാതാപിതാക്കളുടെ അവകാശങ്ങളും ചുമതലകളും നഷ്ടപ്പെടാതെ തന്നെ കുട്ടികളെ മറ്റൊരു കുടുംബത്തിൽ താൽ ക്കാലികമായി വളർത്തുന്നതാണ് പോറ്റിവളർത്തൽ. കുടുംബത്തിൽ മതിയായ സംരക്ഷണം ലഭിക്കാത്തതും ശിശു സംരക്ഷണ സ്ഥാപനങ്ങളിൽ കഴിയുന്നതുമായ കുട്ടികളെ ഗുണകരമായ കുടുംബാന്തരീക്ഷത്തിൽ പുനരധിവസിപ്പിക്കുക എന്നതാണ് ഫോസ്റ്റർ കെയർ പദ്ധതിയുടെ ലക്ഷ്യം.
3. സ്പോൺസർഷിപ്പ് : ബാലനീതി നിയമപ്രകാരം 18 വയസ്സുവരെ പ്രായമുള്ള കുട്ടികളുടെ സ്ഥാപനേതര സംരക്ഷണം ഉറപ്പാക്കുന്നതിനും സാമ്പത്തിക പരാധീനത മൂലം വിദ്യാഭ്യാസം നേടാൻ കഴിയാത്ത കുട്ടികൾക്ക് പഠനം ഉറപ്പാക്കുന്നതിനായി പ്രതിമാസം 2,000/-രൂപ ധനസഹായം നൽകുന്നതാണ് ഈ പദ്ധതി.

    - മേൽ സൂചിപ്പിച്ച പദ്ധതികൾക്ക് പുറമേ കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ ഫലപ്രദമായി തടയുന്നതിനായി ബാലസുരക്ഷാ പ്രോട്ടോക്കോൾ രൂപീകരിച്ചിട്ടുണ്ട്. ആയതു പ്രകാരം പൊതുജനങ്ങൾക്കും ദൃശ്യ-ശ്രാവ്യ മാദ്ധ്യമങ്ങൾക്കും ജില്ലാ ശിശു സംരക്ഷണ യൂണിറ്റ് മുഖാന്തിരം ബോധവൽക്കരണം നല്കിയിട്ടുണ്ട്. കൂടാതെ ജില്ലാതലത്തിൽ കുട്ടികളുടെ സുരക്ഷയും സംരക്ഷണവും വിലയിരുത്തുന്നതിനായി ജില്ലാ ജഡ്ജി അദ്ധ്യക്ഷനായി വിവിധ കർത്തവ്യവാഹകരെ ഉൾപ്പെടുത്തി ജില്ലാ

ജുവനൈൽ ജസ്റ്റീസ് കമ്മിറ്റി 25-03-2019 ലെ സർക്കാർ ഉത്തരവ് നമ്പർ 169/2019/SJD പ്രകാരം രൂപീകരിച്ചിട്ടുണ്ട്.

കൂടാതെ, ഐ സി ഡി എസ് നടപ്പിലാക്കുന്ന സൈക്കോ സോഷ്യൽ പദ്ധതിയിലൂടെ സംസ്ഥാനത്തെ 1012 സ്കൂളുകളിൽ സ്കൂൾ കൗൺസിലർമാരുടെ സേവനം ലഭ്യമാക്കി വരുന്നു. ഇവരിലൂടെ കൗമാരക്കാരായ പെൺകുട്ടികൾക്കും അവരുടെ മാതാപിതാക്കൾക്കും കൗൺസിലിംഗ് സേവനങ്ങളും ബോധവൽക്കരണ ക്ലാസ്സുകളും നൽകി വരുന്നു. കൂടാതെ സംസ്ഥാനത്തെ ഓരോ ബ്ലോക്കിലും പ്രവർത്തിക്കുന്ന പാരന്റിംഗ് ക്ലിനിക്കുകൾ വഴി രക്ഷകർത്താക്കൾക്കും കുട്ടികൾക്കും ആവശ്യമായ സേവനങ്ങളും നൽകി വരുന്നുണ്ട്. ഗാർഹിക അതിക്രമങ്ങൾ നേരിടുന്ന സ്ത്രീകൾക്കും കുട്ടികൾക്കും, സ്കൂൾ കൗൺസിലർമാർ മുഖേന കൗൺസിലിംഗ് സേവനം നൽകി വരുന്നു.

സെക്ഷൻ ഓഫീസർ